**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4533 | 17.12.2014 ലെ മറുപടിക്ക്

# കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനിയിലെ നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ചന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | 2013-14 വർഷത്തിൽ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ പെലച്ചിരംകാട് എന്ന കോളനിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ആയതിൻ പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | കോളനിക്കകത്തുള്ള റോഡുകളുടെ നിർമ്മാണം, റോഡുകളുടെ പാർശ്വഭിത്തി സംരക്ഷണം, വിജ്ഞാൻവാടി നിർമ്മാണം അംഗൻവാടി നവീകരണം, കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ നിർമ്മാണം, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, വീടുകളുടെ റിപ്പയർ, സ്വയം സഹായ സംരംഭങ്ങൾ തുടങ്ങിയവ. |
| (സി) | നിർവ്വഹണ ഏജൻസിയായി ആരെയാണ് നിയോഗിച്ചിട്ടുള്ളത്; | (സി) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | 31.03.2015-ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ